വായനശാലയുടെ കേട്ടോയിലാണ് താമസിക്കുന്നത്. അതുകൊണ്ട് ഈ സ്വാതന്ത്ര്യ ടെൻമാർക്ക് പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കാര്യം പ്രത്യേകമായും എന്റെ അറിവിൽപെട്ടിട്ടുണ്ട്. അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹം എം. എൽ. എ. ആയിരുന്നു. പക്ഷേ 5 വർഷം തികയാത്തതു കൊണ്ട് എം എൽ. എ. മാർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ കിട്ടുകയില്ല. അതിനു പരിഹാരമാർഗ്ഗം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്കും അറിവുള്ളതാണ്. വിശ്വനാഥൻപിള്ളയുടെ കേസ് 1947-ന് മുൻപുള്ളതാണ്. അദ്ദേഹത്തിന്റെ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ കളക്ടരോട് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ കേസ് ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പി. എസ്. സി. മെമ്പറുടെ ഒഴിവ്

* 647 [704] ശ്രീ. വക്കം പുരുഷോത്തമൻ:

,, സേവ്യർ അറയ്ക്കൽ:

,, എ. എ. റഹീം:

,, തുണ്ടത്തിൽ കഞ്ഞുകൃഷ്ണപിള്ള:

,, പി. ജെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി: മെമ്പറുടെ ഏതെങ്കിലും ഒഴിവ് ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലേക്കുള്ള നിയമനം എന്നാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഏറ്റവും ഒടുവിലായി നിയമിക്കപ്പെട്ട പി. എസ്. സി. മെമ്പർ ആരാണ് ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.
(സി) കമ്മഡോർ എം. സി. സിറിയക്.

വനിതാ ജീവനക്കാർക്ക് പ്രത്യേക സേവനാനുകൂല്യങ്ങൾ വേണമെന്ന സർവ്വീസ് സംഘടനയുടെ ആവശ്യം

*648 [705] ശ്രീ. സി. വാസുദേവ മേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ വനിതാജീവനക്കാർക്ക് പ്രത്യേക സേവനാനുകൂല്യങ്ങൾ വേണമെന്ന ആവശ്യം ഏതെങ്കിലും സർവ്വീസ് സംഘടന ഉന്നയിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly